LIBRARY ARCHIVES Kerala Legislative Assembly

പണം ചാക്കുകെട്ടിൽ സൂക്ഷിച്ച സംഭവം

10 [3294] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, സി. പി. മുഹമ്മദ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
,, എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് ഗവൺമെന്റ് ഓഫീസുകൾ പരിശോധിച്ച സമയത്ത് അവിടെ സർക്കാർ പണം ചാക്കുകെട്ടിൽ സൂക്ഷിച്ചിരുന്നത് കണ്ടെത്തുകയുണ്ടായോ;

(ബി) സർക്കാർ പണം ചാക്കുകെട്ടിൽ വയ്ക്കുവാനുള്ള സാഹചര്യമെന്ത്;

(സി) ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് പരിശോധിച്ച ഏതെല്ലാം ഓഫീസുകളിലാണ് സർക്കാർ പണം ചാക്കുകെട്ടിൽ സൂക്ഷിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ടെത്തിയില്ല.

(ബി) ഉത്തരം ഉദിക്കുന്നില്ല.

(സി) ഉത്തരം ഉദിക്കുന്നില്ല.

ഒമ്പതാം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന്റെ പബ്ലിക് സേവിംഗ്സ്

11 [3296] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ:
,, എ. കെ. മണി:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒമ്പതാം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന്റെ പബ്ലിക് സേവിംഗ്സ് എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിരുന്നത്;

(ബി) ഈ കാലത്തെ പബ്ലിക് സേവിംഗ്സ് എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) നോൺ റസിഡന്റ് കേരളീയരുടെ വരുമാനം വഴിയും സംസ്ഥാനത്ത് നിവസിക്കുന്നവരുടെ വരുമാനം വഴിയും ഉണ്ടായ പബ്ലിക് സേവിംഗ്സ് എത്ര വീതമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒമ്പതാം പദ്ധതിക്കാലത്ത് ദേശീയ സമ്പാദ്യ പദ്ധതി വഴിയുള്ള സമാഹരണം 4585 കോടി രൂപയായിരിക്കുമെന്നാണ് കണക്കാക്കിയിരുന്നത്.

(ബി) ഈ കാലത്തെ ദേശീയ സമ്പാദ്യ പദ്ധതിയിലൂടെയുള്ള സേവിംഗ്സ് 3630 കോടി രൂപയായിരുന്നു.

(സി) നോൺ റസിഡന്റ് കേരളീയർക്ക് മാത്രമായി പ്രത്യേക സ്കീം ദേശീയ സമ്പാദ്യ പദ്ധതിയിൽ ഇല്ലാത്തതിനാൽ ഇതിന്റെ കണക്ക് പ്രത്യേകമായി ലഭ്യമല്ല.

ആർ. ഡി. ജീവനക്കാർക്ക് പ്രോൽസാഹനം

12 [3297] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകൾ സന്ദർശിച്ച് പോസ്റ്റോഫീസിൽ ഡെപ്പോസിറ്റ് ചെയ്യിപ്പിക്കുന്ന എത്ര ആർ. ഡി. ജീവനക്കാരുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്പോൾ ഇവർക്ക് നൽകുന്ന കമ്മീഷൻ എത്രയാണ്;

(സി) കമ്മീഷൻ വർദ്ധിപ്പിച്ച് ഇവർക്ക് പ്രോൽസാഹനം നൽകുമോ; ഇതിനുള്ള പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏകദേശം 12000 ആർ. ഡി. ഏജന്റുമാരാണ് (എം. പി. കെ. ബി. വൈ. ഏജന്റ്സ്) സംസ്ഥാനത്ത് ഉള്ളത്.

(ബി) കേന്ദ്ര ഗവൺമെന്റ് 4% കമ്മീഷനാണ് ഈ ഏജന്റുമാർക്ക് നൽകുന്നത്. സംസ്ഥാന ഗവൺമെന്റ് 4% പ്രോൽസാഹന അലവൻസും കൂടാതെ ഒരു വർഷത്തെ മൊത്തം സമാഹരണത്തുകയുടെ 1.25% പ്രോൽസാഹന വാർഷിക ബോണസായും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly